ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

DATE: 05.04.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ശ്രീലങ്കയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

   Prime Minister Narendra Modi will hold wide-ranging talks with Sri Lankan President Anura Kumara Dissanayake in Colombo today.

2. കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം.

   Union Minister for Railways Ashwini Vaishnaw will be on a two-day visit to Tamil Nadu beginning today.

3. ഉസ്ബെക്കിസ്ഥാനിൽ ആരംഭിക്കുന്ന 150-ാമത് ഇന്റർ പാർലമെന്ററി യൂണിയൻ അസംബ്ലിയിൽ ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിലുള്ള സംഘം പങ്കെടുക്കും.

   Lok Sabha Speaker Om Birla will be leading a Parliamentary Delegation to 150th Assembly of Inter-Parliamentary Union (IPU), set to begin at Tashkent in Uzbekistan from today.

4. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

The India Meteorological Department has warned of isolated heavy rains in Kerala in the coming days. Yellow alert in four districts today.

5. അർജന്റീനയിൽ നടക്കുന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിൽ ഒരു സ്വർണം ഉൾപ്പടെ ഇന്ത്യക്ക് രണ്ട് മെഡലുകൾ.

   India won two medals, including a gold, at the ISSF Shooting World Cup in Argentina.

************************************

HEADLINE-1

## PM - SRI LANKA

മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ശ്രീലങ്കയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ദിസനായകയുടെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം. ആരോഗ്യം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും. ഇന്നലെ വൈകുന്നേരം കൊളംബോയിൽ എത്തിയ പ്രധാനമന്ത്രിക്ക് ബന്ദാരനായകെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഔദ്യോഗിക സ്വീകരണം നൽകിയിരുന്നു.

******************************

## INDIA NEPAL-BIMSTEC SUMMIT

നേപ്പാൾ പ്രധാനമന്ത്രി കെ പി ശർമ്മ ഒലി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ബാങ്കോക്കിൽ നടക്കുന്ന ആറാമത് ബിംസ്റ്റക്ക് ഉച്ചകോടിക്കിടെയാണ് ഇരു നേതാക്കളും കൂടിക്കാഴ്ച നടത്തിയത്. ചർച്ചകൾ വളരെ അർത്ഥവത്തായിരുന്നുവെന്ന് നേപ്പാൾ പ്രധാനമന്ത്രി സമൂഹ

മാധ്യമത്തിൽ കുറിച്ചു. നേപ്പാളുമായുള്ള ബന്ധത്തിന് ഇന്ത്യ വളരെയധികം മുൻഗണനന നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

*******************************

HEADLINE-2

## VAISHNAW-TN VISIT

കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം. നവീകരിച്ച പാമ്പൻ റെയിൽ പാലത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ നിരീക്ഷിക്കാൻ അദ്ദേഹം രാമേശ്വരം സന്ദർശിക്കും. റെയിൽ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കേന്ദ്രസഹമന്ത്രി എൽ. മുരുകനും ചടങ്ങിൽ പങ്കെടുക്കും.

*******************************

HEADLINE-3

## OM BIRLA - IPU TASHKENT

ഉസ്ബെക്കിസ്ഥാനിലെ തഷ്കന്റിൽ നടക്കുന്ന 150-ാമത് ഇന്റർ പാർലമെന്ററി യൂണിയൻ അസംബ്ലിയിൽ ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിലുള്ള പാർലമെന്ററി പ്രതിനിധി സംഘം പങ്കെടുക്കും. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ്, അനുരാഗ് സിംഗ് താക്കൂർ, അശോക് കുമാർ മിത്തൽ തുടങ്ങിയ എംപിമാർ ഉൾപ്പെടെയുള്ളവർ അദ്ദേഹത്തെ അനുഗമിക്കും. സാമൂഹിക വികസനത്തിനും നീതിക്കും പാർലമെന്ററി നടപടികൾ എന്ന പ്രമേയത്തിൽ നടക്കുന്ന പൊതുസംവാദത്തിൽ ശ്രീ. ഓം ബിർള അസംബ്ലിയെ അഭിസംബോധന ചെയ്യും.

*******************************

## GOYAL-STARTUP MAHAKUMBH (INTRO)

നൂതനാശയങ്ങളിലും സാങ്കേതികവിദ്യ അധിഷ്ഠിത വളർച്ചയിലും രാജ്യം ആഗോളതലത്തിൽ ശക്തമായ സ്വാധീനം ചെലുത്തുമെന്നു കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന സ്റ്റാർട്ടപ്പ് മഹാകുംഭിന്റെ രണ്ടാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവ ഇന്ത്യ ലോകം കീഴടക്കാൻ സജ്ജരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

*******************************

## FUR REV. CABINET

18,658 കോടി രൂപയുടെ നാല് റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഇതോടെ ഇന്ത്യൻ റെയിൽവേ ശൃംഖലയിലേക്ക് 1247 കിലോമീറ്ററോളം കൂട്ടിച്ചേർക്കപ്പെടുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. 100 ശതമാനം കേന്ദ്ര ധനസഹായത്തോടെയുള്ള രണ്ടാം വൈബ്രന്റ് വില്ലേജസ് പരിപാടിക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. അന്താരാഷ്ട്ര അതിർത്തികളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഈ പരിപാടി സഹായകമാകുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു.

*******************************

## SHAH-CHHATTISGARH

നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഛത്തീസ്ഗഢിലെ റായ്പൂരിൽ നടക്കുന്ന അവലോകന യോഗത്തിൽ ഇന്ന് കേന്ദ്രമന്ത്രി അമിത് ഷാ പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ വൈകുന്നേരമാണ് ശ്രീ ഷാ റായ്പൂരിലെത്തിയത്.

******************************

## VP-ARTIFICIAL INTELLIGENCE

പൗരന്മാരുടെ സംരക്ഷണത്തിനായി നിർമിത ബുദ്ധിയുടെ സാധ്യത പ്രയോജനപ്പടുത്തണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ. ന്യൂഡൽഹിയിൽ ഒരു പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. നിലവിലുള്ള നിയമസംഹിത പുനഃപരിശോധിക്കാൻ നിർമിതബുദ്ധി നമ്മെ നിർബന്ധിതരാക്കുന്നതായും ഉപരാഷ്ട്രപതി പറഞ്ഞു.

******************************

## MEA PM BANGLADESH (INTRO)

ബംഗ്ലാദേശിനു ഇന്ത്യ പൂർണ പിന്തുണ നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനാധിപത്യപരവും സമാധാനപരവുമായ ഒരു ബംഗ്ലാദേശിനെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നതെന്ന് ബിംസ്റ്റെക് ഉച്ചകോടിക്കിടെ ബംഗ്ലാദേശിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനസുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയും ബംഗ്ലദേശും തമ്മിലുള്ള സഹകരണം ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് പ്രകടമായ നേട്ടങ്ങൾ ഉണ്ടാക്കിയതായി പ്രധാനമന്ത്രി അറിയിച്ചതായും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

******************************

## PAR BUDGET

ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും ഇന്നലെ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ ലോക്സഭ 16 ബില്ലുകളും രാജ്യസഭ 14

ബില്ലുകളുമാണ് പാസാക്കിയത്. ജനുവരി 31 ന് രാഷ്ട്രപതിയുടെ അഭിസംബോധനയോടെയാണ് സമ്മേളനം ആരംഭിച്ചത്.

*******************************

## DRDO

ഇന്ത്യൻ കരസേനയ്ക്ക് വേണ്ടി DRDO വികസിപ്പിച്ച മീഡിയം-റേഞ്ച് സർഫസ്-ടു-എയർ മിസൈൽ വിജയകരമായി പരീക്ഷിച്ചു. ഒഡീഷ തീരത്തുള്ള ഡോ. എ.പി.ജെ. അബ്ദുൾ കലാം ദ്വീപിൽ നിന്നാണ് പരീക്ഷണപ്പറക്കൽ നടത്തിയത്. പരീക്ഷണം വിജയകരമായി നടത്തിയ കരസേനയെയും DRDO-യെയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

*******************************

HEADLINE-4

## RAIN-KERALA

ചക്രവാതച്ചുഴിയുടെ സ്വാധീനത്തിൽ കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് ഇന്ന് ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*******************************

HEADLINE-5

## ISSF WORLD CUP

അർജന്റീനയിൽ നടക്കുന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സംറയ്ക്ക് സ്വർണം. വനിതകളുടെ 50 മീറ്റർ റൈഫിൾ 3 ഇനത്തിലാണ് മെഡൽ

സ്വന്തമാക്കിയത്. അതേസമയം, പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3-പൊസിഷൻ ഇനത്തിൽ ചെയിൻ സിംഗ് വെങ്കല മെഡൽ നേടി.

******************************

# IPL

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിനു ജയം. ഇന്നലെ നടന്ന മത്സരത്തിൽ 12 റൺസിനാണു മുംബൈ ഇന്ത്യൻസ് പരാജയപ്പെട്ടത്. ആദ്യം ബാറ്റിംഗിനിറങ്ങിയ ലഖ്നൗ, നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 203 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ മുംബൈ ഇന്ത്യൻസിനു 5 വിക്കറ്റ് നഷ്ടത്തിൽ 191 റൺസ് നേടാനെ കഴിഞ്ഞുള്ളൂ. ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മറ്റൊരു മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

******************************

# KHELO INDIA

ഏഴാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് അടുത്ത മാസം നാലു മുതൽ 15 വരെ ബിഹാറിൽ നടക്കും. കായിക യുവജനകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ യുവപ്രതിഭകളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാനും രാജ്യത്തെ കായിക സംസ്കാരം മെച്ചപ്പെടുത്താനുമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

******************************

# NATIONAL MARITIME DAY

സമുദ്രമേഖലയിൽ രാജ്യം കൈവരിച്ച ചരിത്രമുന്നേറ്റങ്ങൾ അനുസ്മരിച്ചുകൊണ്ട് ഇന്ന് 62-ാമത് ദേശീയ സമുദ്ര ദിനം.

സമുദ്രവുമായി ബന്ധപ്പെട്ട സുപ്രധാന പ്രവർത്തനങ്ങൾക്കൊപ്പം മാസങ്ങളോളം സമുദ്രപോരാട്ടം നടത്തിയ ധീരരെ അനുസ്മരിക്കുന്ന ദിനം കൂടിയാണ് ഇത്.

*******************************

## US STOCK

യുഎസ് ഉത്പന്നങ്ങൾക്ക് ചൈന 34 ശതമാനം അധിക തീരുവ ചുമത്തുമെന്ന് പ്രഖ്യാപിച്ചതിന് പിന്നാലെ അമേരിക്കൻ ഓഹരി വിപണികളിൽ ഇന്നലെ കനത്ത ഇടിവ് രേഖപ്പെടുത്തി. ഇരു രാജ്യങ്ങളും തമ്മിൽ വ്യാപാര യുദ്ധത്തിന് സാധ്യതയുണ്ടെന്ന ആശങ്കയിലാണ് നിക്ഷേപകരെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നു.

*******************************

## NEPAL-EARTHQUAKE

നേപ്പാളിൽ ഇന്നലെ വൈകുന്നേരം തുടർച്ചയായി രണ്ട് ഭൂചലനങ്ങൾ ഉണ്ടായി. റിക്ടർ സ്കെയിലിൽ 5.5, 5.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രങ്ങൾ ജാജർകോട്ടിലാണ്. വടക്കേ ഇന്ത്യയുടെ ചില ഭാഗങ്ങളിലും നേരിയ ഭൂചലനം അനുഭവപ്പെട്ടു. ആളപായമോ നാശനഷ്ടങ്ങളോ ഉണ്ടായതായി റിപ്പോർട്ടുകളില്ല.

*******************************

## WELFARE PENSION - KERALA

വിഷുവിനു മുന്നോടിയായി ഒരു ഗഡു ക്ഷേമ പെൻഷൻകൂടി അനുവദിച്ച് കേരള സർക്കാർ. ഏപ്രിൽ മാസത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണത്തിനായി 820 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ

ബാലഗോപാൽ അറിയിച്ചു. പെൻഷൻ അടുത്ത ആഴ്ച ലഭിച്ചുതുടങ്ങും.

******************************

## RBI-BANK NOTES

മഹാത്മാഗാന്ധി പരമ്പരയിൽ പത്തിന്റേയും അഞ്ഞൂറിന്റേയും പുതിയ കറൻസി നോട്ടുകൾ ഉടൻ പുറത്തിറക്കുമെന്ന് റിസർവ് ബാങ്ക്. RBI ഗവർണർ സഞ്ജയ് മൻഹോത്രയുടെ ഒപ്പോടു കൂടിയ നോട്ടുകളായിരിക്കും ഇവയെന്ന് അറിയിപ്പിൽ പറയുന്നു.

******************************

## PETROLEUM PERMIT

50 ലിറ്ററോ അതിൽ കൂടുതലോ ഉള്ള പെട്രോളിയം ഉത്പന്നങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ട് വരുന്നതിന് ഈ മാസം 10 മുതൽ പെർമിറ്റ് നിർബന്ധമാക്കി. ഇത് സംബന്ധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഒരു പെർമിറ്റ് പ്രകാരം 75 ലിറ്റർ പെട്രോളിയം ഉത്പന്നങ്ങൾ മാത്രമേ കൊണ്ടുവരാനാകൂ.

******************************

## KSMART

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന കെ-സ്മാർട്ട് സംവിധാനം സംസ്ഥാനത്ത് ഈ മാസം 10 മുതൽ പൂർണസജ്ജമാകും. ksmart.lsgkerala.gov.in വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും സേവനങ്ങൾ ലഭിക്കും.

******************************

## NIA ARREST

പാലക്കാട് ആർഎസ്എസ് നേതാവ് കെ എസ് ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിൽ മലപ്പുറം സ്വദേശി ഷംനാദ് ഇല്ലിക്കലിനെ എൻ ഐ എ കൊച്ചിയിൽ അറസ്റ്റ് ചെയ്തു. ഷംനാദിനെ കുറിച്ച് വിവരം നൽകുന്നവർക്ക് 7 ലക്ഷം രൂപ എൻ ഐ എ ഇനാം പ്രഖ്യാപിച്ചിരുന്നു. 2022-ലാണ് കേസിനാസ്പദമായ സംഭവം നടന്നത്.

*******************************

## WASTE FREE DISTRICT

മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി ആലപ്പുഴ, കോഴിക്കോട് ജില്ലകളെ ഇന്ന് സമ്പൂർണ്ണ മാലിന്യമുക്ത ജില്ലകളായി പ്രഖ്യാപിക്കും. ആലപ്പുഴയിൽ മന്ത്രി പി പ്രസാദും കോഴിക്കോട് മന്ത്രി എ കെ ശശീന്ദ്രനും പ്രഖ്യാപനം നടത്തും.

*

**************

***********************************************